"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1685/2025-ICDSB2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 26-07-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി- അങ്കണവാടി സേവനങ്ങൾക്ക് അവാർഡ് നൽകുന്നത്-ICDS AWARD 2025- നോമിനേഷൻ സമർപ്പിക്കുന്നത് -സംബന്ധിച്ച്:-

സൂചന:-

1. 04.11.2000 ലേ G.O(Rt)No.372/2000/SWD നമ്പർ കത്ത്
2. സ. ഉ .(സാധാ)നം 8/2021/സാ നീ വ തീയതി 10/01/2021
3. സ. ഉ .(സാധാ)നം 388/2024/WCDD തീയതി 03/10/2024
4. സ. ഉ .(സാധാ)നം 250/2025/WCDD തീയതി 02/06/2025

സംസ്ഥാനത്ത് സംയോജിത ശിശു വികസന സേവന പദ്ധതിയുടെ കീഴിലുള്ള അങ്കണവാടി പ്രവർത്തകരുടെ സന്നദ്ധ സേവനത്തിന് മുൻതൂക്കം നൽകി അവരെ ആദരിക്കുന്നതിൻറെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ച വെക്കുന്നവർക്ക് പൂർണമായും സംസ്ഥാന ഫണ്ട് ഉപയോഗിച്ച് അവാർഡ് നൽകുന്നതിനുള്ള പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സൂചന (1) പ്രകാരം അവാർഡ് നിർണ്ണയത്തിനായി സ്റ്റേറ്റ് ലെവൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിക്ക് ഓരോ വിഭാഗത്തിനും ഉള്ള അവാർഡ് ആവശ്യമെങ്കിൽ നിരസിക്കാനും ഉള്ള അധികാരം ഉണ്ടായിരിക്കും . സംയോജിത ശിശു വികസന സേവന പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിനായി പ്രസ്തുത പദ്ധതിയിലൂടെ നൽകുന്ന സേവനങ്ങൾ പൂർണ്ണമായി ജനങ്ങളിൽ എത്തിക്കേണ്ടതുള്ളതിനാൽ പ്രസ്തുത മേഖലയിൽ മികച്ച സേവനം കാഴ്ച വെയ്ക്കുന്ന സംസ്ഥാനത്തെ അങ്കണവാടി വർക്കർമാർ, അങ്കണവാടി ഹെൽപ്പർമാർ. സൂപ്പർവൈസർമാർ, ശിശു വികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർ, ജില്ലാ കളക്ടർ എന്നിവർക്കും മികച്ച അങ്കണവാടികൾക്കും എല്ലാ വർഷവും സൂചന (2) പ്രകാരം സംസ്ഥാന അവാർഡ് നൽകി ആദരിച്ചു വരുന്നു.

2024-25 വർഷത്തെ പ്രവർത്തനം വിലയിരുത്തി തെരഞ്ഞെടുക്കുന്ന സംസ്ഥാനത്തെ 37 അങ്കണവാടി വർക്കർമാർക്കും 37 അങ്കണവാടി ഹെൽപ്പർമാർക്കും മികച്ച 14 അങ്കണവാടികൾക്കും ക്യാഷ് അവാർഡും മൊമെന്റോയും സാക്ഷ്യപത്രവും നൽകുന്നതിനും മികച്ച 14 സൂപ്പർവൈസർമാർ. മികച്ച ശിശു വികസന പദ്ധതി ഓഫീസർ, മികച്ച പ്രോഗ്രാം ഓഫീസർ എന്നിവർക്കും വനിത ശിശു വികസന മേഖലയിലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച ജില്ലാഭരണകൂടത്തിനും മൊമെന്റോയും സാക്ഷ്യപത്രവും നൽകുന്നതിനും സൂചന (4 ) പ്രകാരം ഭരണാനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്.

2024-25 വർഷത്തെ സംസ്ഥാന അവാർഡിനായി, സംസ്ഥാനത്തെ മുഴുവൻ ICDS പ്രോജക്ടുകളിൽ നിന്നുമായി സ്തുത്യർഹ സേവനം കാഴ്ച വച്ച 37 അങ്കണവാടി വർക്കർമാർ, 37 അങ്കണവാടി ഹെൽപ്പർമാർ ,സംസ്ഥാനത്തെ ഓരോ ജില്ലയിൽ നിന്നുമായി ഒരു സൂപ്പർവൈസർ എന്ന ക്രമത്തിൽ 14 ICDS സൂപ്പർവൈസർമാർ, ഒരു ശിശു വികസന പദ്ധതി ഓഫീസർ, ഒരു പ്രോഗ്രാം ഓഫീസർ, വനിത ശിശു വികസന മേഖലയിലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച ജില്ലാഭരണകൂടം എന്നിവരെ കണ്ടെത്തുന്നതിനായി നോമിനേഷനുകൾ ക്ഷണിക്കുന്നു.

സംസ്ഥാനത്ത് ICDS അവാർഡിന് തെരഞ്ഞെടുക്കുന്നതിനായുള്ള മാനദണ്ഡങ്ങളിൽ കാലോചിതമായ പരിഷ്കരണം നടത്തുകയും ആയത് അംഗീകരിച്ചുകൊണ്ടും അങ്കണവാടി വർക്കർ, അങ്കണവാടി ഹെൽപ്പർ, മികച്ച അങ്കണവാടി എന്നീ വിഭാഗങ്ങൾക്ക് മാത്രം ക്യാഷ് അവാർഡ് അനുവദിച്ചും സൂചന (3) പ്രകാരം ഭരണാനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട് .

2024-25 വർഷത്തെ പ്രവർത്തന മികവിൻ്റെ അടിസ്ഥാനത്തിൽ (ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക് അടിസ്ഥാനമാക്കി) അങ്കണവാടി പ്രവർത്തകരുടെയും ICDS സൂപ്പർവൈസറുടെയും **നോമിനേഷനുകൾ** (ക്രൈറ്റീരിയ പ്രകാരമുള്ള **മാർക്കും** ബ്ലോക്ക് തല സെലക്ഷൻ കമ്മിറ്റിയുടെ മിനിറ്റ്സും സഹിതം ) **2025 ആഗസ്റ്റ് 5 നകം** എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും , ജില്ലാതല പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

ബ്ലോക്ക് തല സെലക്ഷൻ കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ | ചെയർമാൻ |
| 2 | മെഡിക്കൽ ഓഫീസർ ,CHC /ബ്ലോക്ക് PHC | അംഗം |
| 3 | ICDS സൂപ്പർവൈസർമാർ | അംഗങ്ങൾ |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | കൺവീനർ |

ജില്ലാതല സെലക്ഷൻ കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | ചെയർമാൻ |
| 2 | നഗരസഭാ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ (ആസ്ഥാന നഗരസഭ) | അംഗം |
| 3 | ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | അംഗം |
| 4 | അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ | അംഗം |
| 5 | ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം |
| 6 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | അംഗം |
| 7 | ജില്ലാ വനിത ശിശു വികസന ഓഫീസർ | അംഗം |
| 8 | ജില്ലാതല പ്രോഗ്രാം ഓഫീസർ | കൺവീനർ |

ജില്ലാ തല യോഗം ചേർന്ന് 2024 -25 ലെ നോമിനേഷനുകൾ പരിശോധിച്ച് സംസ്ഥാന

അവാർഡിന് പരിഗണിക്കേണ്ടവരെ നാമനിർദേശം ചെയ്യേണ്ടതും പ്രസ്തുത അങ്കണവാടി വർക്കർ. ഹെൽപ്പർ, സൂപ്പർവൈസർ,ശിശു വികസന പദ്ധതി ഓഫീസർ എന്നിവരുടെ പേരുകൾ ഉൾപ്പെടുത്തിയ ലിസ്റ്റ് , ജില്ലാതല കമ്മിറ്റിയുടെ മിനിട്ട്സ്,ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക് ഷീറ്റ് എന്നിവ ആമുഖ കത്ത് ( ശുപാർശ സഹിതം) **2025 ആഗസ്റ്റ് 20 ന്** മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. മികച്ച പ്രോഗ്രാം ഓഫീസർ ,മികച്ച ജില്ലാഭരണകൂടം എന്നീ നോമിനേഷനുകൾ

മാർഗ്ഗനിർദേശപ്രകാരമുള്ള രേഖകൾക്കൊപ്പം നേരിട്ട് വനിതശിശു വികസന ഡയറക്ടറേറ്റിൽ ആഗസ്റ്റ് 20 നകം സമർപ്പിക്കേണ്ടതാണ്. സമയ പരിധി കഴിഞ്ഞു ലഭിക്കുന്ന നോമിനേഷനുകൾ യാതൊരു കാരണവശാലും പരിണിക്കുന്നതല്ല. ഇക്കാര്യത്തിൽ ജില്ലാതലത്തിൽ വ്യാപക പ്രചരണം നൽകേണ്ടതാണ് .ഓരോ ജില്ലയിൽ നിന്നും ലഭിക്കുന്ന നോമിനേഷനുകൾ വർക്കർ,ഹെൽപ്പർ,സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നിങ്ങനെ പ്രത്യേക വിഭാഗങ്ങളായി നൽകേണ്ടതാണ് .ഓരോ വിഭാഗത്തിന്റെയും നോമിനേഷൻ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡപ്പട്ടികയും സെലക്ഷൻ സംബന്ധിച്ച മാർഗ്ഗനിർദേശങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
Haritha V Kumar
Date: 28-07-2025 10:49:26

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

അങ്കണവാടി പ്രവർത്തകർക്കുള്ള അവാർഡ് - ഓരോ ജില്ലയ്ക്കും അനുവദിക്കേണ്ട അവാർഡുകളുടെ എണ്ണം

| ക്രമ നം | ജില്ല | ICDS പ്രോജക്റ്റുകൾ | വർക്കർ | ഹെൽപ്പർ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 3 | 3 |
| 2 | കൊല്ലം | 21 | 3 | 3 |
| 3 | പത്തനംതിട്ട | 12 | 2 | 2 |
| 4 | ആലപ്പുഴ | 15 | 3 | 3 |
| 5 | കോട്ടയം | 15 | 2 | 2 |
| 6 | ഇടുക്കി | 13 | 1 | 1 |
| 7 | എറണാകുളം | 23 | 4 | 4 |
| 8 | തൃശ്ശൂർ | 23 | 4 | 4 |
| 9 | പാലക്കാട് | 21 | 3 | 3 |
| 10 | മലപ്പുറം | 29 | 4 | 4 |
| 11 | കോഴിക്കോട് | 21 | 4 | 4 |
| 12 | വയനാട് | 8 | 1 | 1 |
| 13 | കണ്ണൂർ | 21 | 2 | 2 |
| 14 | കാസർഗോഡ് | 12 | 1 | 1 |
|  | ആകെ | 258 | 37 | 37 |

Signed by
Haritha V Kumar
Date: 28-07-2025 10:48:25

File No.: DWCD/1685/2025-ICDSB2

സംസ്ഥാന അവാർഡ് തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗ നിർദേശങ്ങൾ

- 2024-25 വർഷത്തെ സംസ്ഥാന അവാർഡിനുള്ള നോമിനേഷൻ ക്ഷണിച്ചു കൊണ്ടുള്ള പരിപത്രം എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
- **അങ്കണവാടി പ്രവർത്തകർക്കുള്ള അവാർഡ്** : ഓരോ പ്രോജെക്ടിലെയും അങ്കണവാടി വർക്കർ, ഹെൽപ്പർമാരുടെ പ്രവർത്തനങ്ങൾ, സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർമാർ എന്നിവർ ഇതോടൊപ്പമുള്ള ക്രൈറ്റീരിയയുടെ അടിസ്ഥാനത്തിൽ നേരിട്ട് പരിശോധിച്ച് വിലയിരുത്തേണ്ടതും നോമിനേഷൻ , കോർപ്പറേഷൻ /മുനിസിപ്പാലിറ്റി/ബ്ലോക്ക് തല കമ്മിറ്റിയുടെ മുൻപാകെ സമർപ്പിക്കേണ്ടതുമാണ്. കമ്മിറ്റി ടി നോമിനേഷനുകൾ സസൂക്ഷ്മം വിലയിരുത്തി ഓരോ വിഭാഗത്തിലേക്കും ഓരോ നോമിനേഷൻ ശുപാർശ ചെയ്ത കമ്മിറ്റി മിനിട്സ്, ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക് എന്നിവ സഹിതം ശിശു വികസന പദ്ധതി ഓഫീസർ 2025 augest 5 നകം നോമിനേഷനുകൾ പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് .
- ICDS **സൂപ്പർവൈസർ** :
- അവാർഡിന് പരിഗണിക്കേണ്ട പ്രവർത്തനങ്ങൾ ക്രൈറ്റീരിയ അടിസ്ഥാനപ്പെടുത്തിയുള്ളതാകണം
- ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക് ശിശു വികസന പദ്ധതി ഓഫീസർമാർ രേഖപ്പെടുത്തേണ്ടതാണ്
- 90% ൽ കറവ് അങ്കണവാടി സന്ദർശനം നടത്തിയ സൂപ്പർവൈസർമാരെ അവാർഡിനായി പരിഗണിക്കേണ്ടതില്ല.
- അവാർഡ് നോമിനിയുടെ പദ്ധതി -പദ്ധതിയിതര പ്രവർത്തനങ്ങളെ സംബന്ധിച്ച സംക്ഷിപ്ത കുറിപ്പ് ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതാണ് .
- അവാർഡിന് ശുപാർശ ചെയ്ത സൂപ്പർവൈസറുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഇതോടൊപ്പമുള്ള ക്രൈറ്റീരിയയുടെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് വിലയിരുത്തേണ്ടതും നോമിനേഷൻ , കോർപ്പറേഷൻ /മുനിസിപ്പാലിറ്റി/ബ്ലോക്ക് തല കമ്മിറ്റിയുടെ മുൻപാകെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. കമ്മിറ്റി ടി നോമിനേഷൻ സസൂക്ഷ്മം വിലയിരുത്തേണ്ടതും , പരിഗണനാർഹമായ നോമിനേഷൻ ശുപാർശ ചെയ്യേണ്ടതുമാണ് . കമ്മിറ്റി മിനിട്സ്, ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക്, പ്രവർത്തനങ്ങൾ സംബന്ധിച്ച സംക്ഷിപ്ത കുറിപ്പ് എന്നിവ സഹിതം ശിശു വികസന പദ്ധതി ഓഫീസർ 2025 ആഗസ്റ്റ് 5 നകം പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് .
- **ശിശു വികസന പദ്ധതി ഓഫീസർ** : മികച്ച ശിശു വികസന പദ്ധതി ഓഫീസർമാർക്കുള്ള അവാർഡിനുള്ള നോമിനേഷനുകൾ പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കുമ്പോൾ ചുവടെ പറയുന്ന വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് .
    - അവാർഡിന് പരിഗണിക്കേണ്ട പ്രവർത്തനങ്ങൾ ക്രൈറ്റീരിയ

അടിസ്ഥാനപ്പെടുത്തിയുള്ളതാകണം

- ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക് പ്രോഗ്രാം ഓഫീസർ രേഖപ്പെടുത്തേണ്ടതാണ് .
- അവാർഡ് നോമിനിയുടെ പദ്ധതി -പദ്ധതിയിതര പ്രവർത്തനങ്ങളെ സംബന്ധിച്ച സംക്ഷിപ്ത കുറിപ്പ്.
- അവാർഡിന് പരിഗണിക്കേണ്ട പ്രവർത്തനങ്ങളുടെ ഡോക്യുമെൻറേഷൻ
- അങ്കണവാടികളിൽ സന്ദർശനം 70% ൽ കുറവ് ആണെങ്കിൽ ശിശു വികസന പദ്ധതി ഓഫീസർമാരെ അവാർഡിനായി പരിഗണിക്കേണ്ടതില്ല

- **പ്രോഗ്രാം ഓഫീസർ** :പ്രോഗ്രാം ഓഫീസർമാരിൽ നിന്ന് നേരത്തെ അവാർഡ് നേടാത്ത എല്ലാ പ്രോഗ്രാം ഓഫീസർമാരും നോമിനേഷൻ നേരിട്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഒരു ജില്ലയിൽ കുറഞ്ഞത് ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം. പ്രോഗ്രാം ഓഫീസർമാർ ,അവാർഡ് ക്രൈറ്റീരിയ പ്രകാരമുള്ള ഓരോ ഘടകത്തിന്റെയും വിശദമായ പ്രവർത്തന റിപ്പോർട്ട് ,തൻവർഷം പദ്ധതി -പദ്ധതിയിതര വിഷയങ്ങളിൽ കാഴ്ച വച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ സെൽഫ് അസ്സെസ്സ്മെൻ്റ റിപ്പോർട്ട് . ഡയറക്ടറേറ്റിൽ നിന്ന് വിവിധ പദ്ധതി നിർവഹണത്തിനായി അനുവദിച്ച തുകയുടെ സമയബന്ധിതമായ വിനിയോഗം . Percentage of Expenditure എന്നിവ ഉൾപ്പെടുത്തി ആകണം ഡോക്യുമെന്റേഷൻ തയാറാക്കേണ്ടത് .നോമിനേഷനുകൾ ഡോക്യുമെന്റ് സഹിതം 2025 ആഗസ്റ്റ് 20 നകം വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ് .

- **മികച്ച ജില്ലാ ഭരണകൂടം** : വനിത ശിശു വികസന വകുപ്പിൻ്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക, അങ്കണവാടികളുടെ നിർമ്മാണത്തിനായി ഭൂമി കണ്ടെത്തി നല്കുക, ജില്ലാ ന്യൂട്രിഷൻ കമ്മിറ്റി ,ജില്ലാ കൺവർജന്റ് പ്ലാനിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾക്ക് ക്രിയാത്മകവും നൂതനവുമായ മാർഗനിർദേശങ്ങൾ നല്കുക. അഡോപ്ഷൻ, സ്പോൺസർഷിപ്പ് തുടങ്ങിയ ജില്ലയിലെ ശിശു സംരക്ഷണ പ്രവർത്തനങ്ങൾക്ക് മികച്ച നേതൃത്വം നല്കുകയും ചെയ്ത മികച്ച ജില്ലാ ഭരണകൂടത്തിന് വേണ്ടി **ജില്ലാ വനിത ശിശു വികസന ഓഫീസർ** തയ്യാറാക്കിയ നോമിനേഷൻ. ഡോക്യുമെന്റേഷൻ സഹിതം 2025 ആഗസ്റ്റ് 20 നകം വനിത ശിശു വികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- വ്യക്തമായ ശുപാർശയോ മുൻഗണന ക്രമമോ ഇല്ലാതെയും നിശ്ചിത സമയം കഴിഞ്ഞും ലഭിക്കുന്ന നോമിനേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
- **പൊതു നിർദേശങ്ങൾ**
- ഓരോ ജില്ലയ്ക്കും വിവിധ വിഭാഗങ്ങളിൽ അനുവദിച്ചിട്ടുള്ള അവാർഡുകളുടെ എണ്ണത്തിൽ നിജപ്പെടുത്തി മാത്രമായിരിക്കണം നോമിനേഷനുകൾ സമർപ്പിക്കേണ്ടത് .
- ആമുഖ കത്തിൽ ശുപാർശ ചെയ്യുന്ന വർക്കർ. ഹെൽപ്പർമാരുടെ സെൻ്റർ നമ്പർ. പ്രോജക്റ്റിൻറെ പേര്, പഞ്ചായത്ത്. ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക് ,റാങ്ക് എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
- സംസ്ഥാന അവാർഡിന് ശുപാർശ ചെയ്യുന്ന ജീവനക്കാരുടെ പേര് ( ഇംഗ്ലീഷിലും ,മലയാളത്തിലും ) കൃത്യതയോടെ നൽകുന്നതിനു ശിശുവികസന പദ്ധതി ഓഫീസർമാരും പ്രോഗ്രാം ഓഫീസർമാരും ശ്രദ്ധ ചെലുത്തേണ്ടതാണ്.
- മുൻവർഷങ്ങളിൽ അവാർഡ് ലഭിച്ചവരെ അവാർഡിനായി ശുപാർശ ചെയ്തിട്ടില്ല എന്ന് ബന്ധപെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ് .

- അവാർഡിന് ശുപാർശ ചെയ്ത അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ അങ്കണവാടികൾ പ്രോഗ്രാം ഓഫീസർ സന്ദർശിക്കേണ്ടതും ക്രൈറ്റീരിയ അനുസരിച്ചാണോ ശിശു വികസന പദ്ധതി ഓഫീസർമാർ ശുപാർശകൾ നൽകിയിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്
- ശിശു വികസന പദ്ധതി ഓഫീസർമാർ ശുപാർശ ചെയ്തിട്ടുള്ള അപേക്ഷയും റിപ്പോർട്ടും പ്രോഗ്രാം ഓഫീസർ വിശദമായി പരിശോധിക്കേണ്ടതും ഓരോ ICDS ൽ നിന്നുള്ള നോമിനഷനുകൾ കമ്മിറ്റിയിൽ ചർച്ച ചെയ്ത് വിലയിരുത്തേണ്ടതും വിവരം മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- നിർദിഷ്ട സമയ പരിധിക്കുള്ളിൽ പ്രോഗ്രാം ഓഫീസർക്ക് ലഭിക്കുന്ന നോമിനേഷനുകൾ ജില്ലാ തല സെലക്ഷൻ കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതാണ് . കമ്മിറ്റി അവ സൂക്ഷ്മം വിലയിരുത്തിയ ശേഷം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള ഓരോ അവാർഡിനും ആനുപാതികമായി നോമിനേഷനുകൾ സംസ്ഥാന തല അവാർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്യേണ്ടതുമാണ്. ഓരോ ജില്ലയിലും അവാർഡിന് വേണ്ടി ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകളുടെ മുൻഗണന ക്രമത്തിലുള്ള ലിസ്റ്റും ,ലഭിച്ച റാങ്കും, ഹാജരായിട്ടുള്ള കമ്മിറ്റി അംഗങ്ങളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതും അവാർഡ് നോമിനികളുടെ പേര് വിവരം ഉൾപ്പെടെയുള്ള വിശദമായ മിനിറ്റ്സും സഹിതമായിരിക്കണം പ്രോഗ്രാം ഓഫീസർമാർ നോമിനേഷനുകൾ 2025 **ആഗസ്റ്റ് 20 നകം** വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ് .

Signed by
Haritha V Kumar
Date: 28-07-2025 10:47:54

HARITHA V KUMAR IAS
വനിത ശിശു വികസന ഡയറക്ടർ

ഉള്ളടക്കം:

1.ഓരോ വിഭാഗത്തിന്റെയും
സെലക്ഷൻ ക്രൈറ്റീരിയ

2.ജില്ലകൾക്ക് അനുവദിക്കുന്ന അവാർഡുകളുടെ എണ്ണം